# ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറുടെ നടപടിക്രമം

*(പബ്ലിക് ഓഫീസ് കോമ്പൗണ്ട്, മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം-33)*
*(ഹാജർ. ശ്രീ. എൻ. പത്മകുമാർ.ഐ.എ.എസ്.)*

എൽ.ആർ.എൻ1/30/2016 — തീയതി. 28-07-2017

വിഷയം : റവന്യൂ വകുപ്പ് - ഹയർ സർവ്വെ പരിശീലനം -തിരുവനന്തപുരം, കോഴിക്കോട് കേന്ദ്രങ്ങൾ- ജീവനക്കാരെ പരിശീലന പരിപാടിയിൽ നിന്ന് ഒഴിവാക്കുന്നതും നടപടിക്രമം പുനഃ ക്രമീകരിക്കുന്നതും സംബന്ധിച്ച്

സൂചന :

1) ഈ കാര്യാലയത്തിലെ 19-07-2017 - ലെ എൽ.ആർ.(എൻ.1) 30/2016 നമ്പർ നടപടിക്രമം
2) കൊല്ലം ജില്ലാ കളക്ടറുടെ 26/07/2017 ലെ ഇ.4-56235/16 നമ്പർ കത്ത്.
3) പത്തനംതിട്ട ജില്ലാ കളക്ടറുടെ 25/07/2017ലെ DCPTA/16/2017-S2 നമ്പർ കത്ത്.
4) കോട്ടയം ജില്ലാ കളക്ടറുടെ 25/07/2017 ലെ എ2-6526/16 നമ്പർ ഫോൺ സന്ദേശം.
5) എറണാകുളം ജില്ലാ കളക്ടറുടെ 26/07/2017 ലെ ഇ7-7/2015 നമ്പർ ഫോൺ സന്ദേശം.
6) തൃശ്ശൂർ ജില്ലാ കളക്ടറുടെ 26/07/2017 ലെ എ1-16/17 നമ്പർ ഫോൺ സന്ദേശം..
7) പാലക്കാട് ജില്ലാ കളക്ടറുടെ 26/07/2017ലെ എസ്.3-2017/7/9 നമ്പർ ഫോൺ സന്ദേശം.
8) മലപ്പുറം ജില്ലാ കളക്ടറുടെ 28/07/2017 ലെ ഫോൺ സന്ദേശം.
9) കോഴിക്കോട് ജില്ലാ കളക്ടറുടെ 27/07/2017 ലെ എ5-3168/17 നമ്പർ ഫോൺ സന്ദേശം.
10) വയനാട് ജില്ലാ കളക്ടറുടെ 27/07/2017ലെ എ8/8/17 നമ്പർ ഫോൺ സന്ദേശം.
11) കണ്ണൂർ ജില്ലാ കളക്ടറുടെ 23/05/2017 ലെ DCKNR/10/2017-A1 നമ്പർ കത്ത്.
12) കാസർഗോഡ് ജില്ലാ കളക്ടറുടെ 22/07/2017 ലെ എ123/17 നമ്പർ കത്ത്.

സൂചന (1) പ്രകാരമുള്ള നടപടിക്രമം പ്രകാരം തിരുവനന്തപുരം, കോഴിക്കോട് കേന്ദ്രങ്ങളിൽ 01-08-2017 മുതൽ 04-10-2017 വരെ നടക്കുന്ന ഹയർ സർവ്വെ പരിശീലനത്തിനായി ജീവനക്കാരെ നിയോഗിച്ചുത്തരവായിരുന്നു. പ്രസ്തുത പരിശീലന പരിപാടിയിൽ നിന്ന് ഒഴിവാക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ (2) മുതൽ (12) വരെയുള്ള സൂചനകൾ പ്രകാരം ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ ശുപാർശകൾ സമർപ്പിച്ചിരുന്നു.

തിരുവനന്തപുരം കേന്ദ്രത്തിൽ പരിശീലനത്തിന് ക്രമ നമ്പർ 24 ആയി നിയോഗിച്ച ശ്രീ.സുനിൽകുമാർ.ബി എന്നവരെ ഭരണ പരമായ കാരണങ്ങളാൽ പരിശീലനത്തിൽ നിന്നൊഴിവാക്കണമെന്ന് ഇടുക്കി ജില്ലാ കളക്ടർ ആവശ്യപ്പെട്ടതിൻ പ്രകാരം ടിയാനെ പരിശീലനത്തിൽ നിന്നും ഒഴിവാക്കുന്നു.

കോഴിക്കോട് കേന്ദ്രത്തിൽ പരിശീലനത്തിന് ക്രമ നമ്പർ 5 ആയി നിയോഗിച്ച ശ്രീ.ജയരാജൻ കെ. എന്നവരെ ഭരണപരമായ കാരണങ്ങളാൽ പരിശീലനത്തിന് അയക്കുവാൻ കഴിയില്ലെന്ന് മലപ്പുറം ജില്ലാ കളക്ടർ അറിയിച്ചിട്ടുള്ളതിനാൽ ടിയാനെ പരിശീലത്തിൽ നിന്നും ഒഴിവാക്കുന്നു.

മട്ടന്നൂർ നഗരസഭാ തെരഞ്ഞെടുപ്പുജോലികളുമായി ബന്ധപ്പെട്ട ഔദ്യോഗിക ചുമതലകളുള്ളതിനാൽ കോഴിക്കോട് പരിശീലന കേന്ദ്രത്തിൽ ക്രമ നമ്പർ 22,23 ആയി പരിശീലനത്തിന് നിയോഗിച്ച ശ്രീ.പത്മനാഭൻ, ശ്രീ.ശിവപ്രസാദ് എന്നിവരെ പരിശീലനത്തിൽ നിന്നൊഴിവാക്കണമെന്ന് കണ്ണൂർ ജില്ലാ കളക്ടർ ആവശ്യപ്പെട്ടതിൻ പ്രകാരം മേൽ ഉദ്യോഗസ്ഥൻമാരെ പരിശീലനത്തിൽ നിന്നും ഒഴിവാക്കുന്നു

തിരുവനന്തപുരം കേന്ദ്രത്തിൽ പരിശീലനത്തിനായി നിയോഗിച്ച ക്രമ നമ്പർ 37-ൽ പ്പെട്ട ശ്രീ. രമേശ്കുമാർ ആർ എന്നവർക്ക് മുമ്പ് പരിശീലനം ലഭിച്ചിട്ടുള്ളതായി കാസർഗോഡ് ജില്ലാ കളക്ടർ അറിയിച്ചിട്ടുള്ളതിനാൽ ടിയാനെ പരിശീലന പരിപാടിയിൽ നിന്നൊഴിവാക്കുന്നു. കാസർഗോഡ് ജില്ലയിൽ നിന്നും ക്രമ നമ്പർ 36 ആയി നിയോഗിച്ച ശ്രീ.സജീവൻ കെ.ആർ, ക്രമ നമ്പർ 38,39 -ൽ പ്പെട്ട ശ്രീ.സൂരജ് വി.എസ്, ഷീല വി. എന്നിവർ യഥാക്രമം എറണാകുളം , ആലപ്പുഴ ജില്ലകളിലേക്ക് സ്ഥലം മാറിപ്പോയിട്ടുണ്ട്. എറണാകുളം, ആലപ്പുഴ ജില്ലാ കളക്ടർമാരുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ടി ജീവനക്കാരെയും ഹയർ സർവെ പരിശീലനത്തിൽ നിന്നും ഒഴിവാക്കിക്കൊള്ളുന്നു.

ജില്ലാ കളക്ടർമാരുടെ ശുപാർശകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സൂചന (1) പ്രകാരമുള്ള നടപടിക്രമത്തിലെ , തിരുവനന്തപുരം കേന്ദ്രത്തിലെ, 5,7,12,14,15,16,24,26,29,30,32,32,36,37,38,39 എന്നീ ക്രമ നമ്പരിൽപ്പെട്ട ജീവനക്കാരെയും കോഴിക്കോട് കേന്ദ്രത്തിലെ, 5,10,11,18,19,22,23 എന്നീ ക്രമ നമ്പരിൽപ്പെട്ട ജീവനക്കാരെയും അതത് കേന്ദ്രങ്ങളിലെ ഹയർ സർവ്വെ പരിശീലനത്തിൽ നിന്നൊഴിവാക്കികൊണ്ട് താഴെ പട്ടികയിൽ പറയും പ്രകാരം പുനഃക്രമീകരിച്ച് ഉത്തരവാകുന്നു.

**തിരുവനന്തപുരം**

| ക്രമ നം. | റിലിങ്കിഷ് ചെയ്തവർ | 19/07/2017 ലെ എൽ.ആർ. എൻ1/30/16 നടപടിക്രമത്തിലെ ക്രമ.നം. | പകരം നിയോഗിക്കപ്പെട്ടവർ | ഉദ്യോഗ പ്പേര് | ജില്ല |
|---|---|---|---|---|---|
| 1 | ഫസിയ ബീഗം എം. | 5 | സജി ബേബി | വി.ഒ | കോട്ടയം |
| 2 | അനിൽകുമാർ.എം.എസ്. | 7 | പ്രീത എൻ.ജോസ്. | വി.ഒ | എറണാകുളം |
| 3 | സജീവ് എസ്. | 12 | മോഹൻകുമാർ എസ്. | വി.ഒ | കോഴിക്കോട് |
| 4 | സുനിൽകുമാർ ബി. | 14 | വി.പി.ബിജു. | ഡി.റ്റി | കാസർഗോഡ് |
| 5 | പ്രീതി എസ്. | 15 | -ഇല്ല- | -ഇല്ല- | -ഇല്ല- |
| 6 | ശരത്കുമാർ കെ.എസ്. | 16 | -ഇല്ല- | -ഇല്ല- | -ഇല്ല- |
| 7 | സുനിൽകുമാർ ബി. | 24 | -ഇല്ല- | -ഇല്ല- | -ഇല്ല- |
| 8 | ജ്യോതി കൃഷ്ണ | 26 | -ഇല്ല- | -ഇല്ല- | -ഇല്ല- |
| 9 | ലീന കെ.ഡി. | 29 | -ഇല്ല- | -ഇല്ല- | -ഇല്ല- |
| 10 | സുനിൽ കെ.എസ്. | 30 | -ഇല്ല- | -ഇല്ല- | -ഇല്ല- |
| 11 | സന്തോഷ്കുമാർ വി. | 32 | -ഇല്ല- | -ഇല്ല- | -ഇല്ല- |
| 12 | സജീവൻ കെ.ആർ. | 36 | -ഇല്ല- | -ഇല്ല- | -ഇല്ല- |
| 13 | രമേശ്കുമാർ ആർ. | 37 | -ഇല്ല- | -ഇല്ല- | -ഇല്ല- |
| 14 | സൂരജ് വി.എസ്. | 38 | -ഇല്ല- | -ഇല്ല- | -ഇല്ല- |
| 15 | ഷീല വി. | 39 | -ഇല്ല- | -ഇല്ല- | -ഇല്ല- |

**കോഴിക്കോട്**

| ക്രമ നം. | റിലിങ്കിഷ് ചെയ്തവർ | 19/07/2017 ലെ എൽ.ആർ. എൻ1-30/2016 നടപടിക്രമത്തിലെ ക്രമ.നം. | പകരം നിയോഗിക്കപ്പെട്ടവർ | ഉദ്യോഗ പ്പേര് | ജില്ല |
|---|---|---|---|---|---|
| 1 | ജയരാജൻ കെ. | 5 | മിനി എ. | വി.ഒ | കോഴിക്കോട് |
| 2 | ധന്യ ബാലകൃഷ്ണൻ | 10 | സുനന്ദ കെ. | വി.ഒ | കോഴിക്കോട് |

| | | | | | |
|---|---|---|---|---|---|
| 3 | ചന്ദ്രൻ എ.വി. | 11 | -ഇല്ല- | -ഇല്ല- | -ഇല്ല- |
| 4 | അനിൽകുമാർ എൻ.കെ. | 18 | -ഇല്ല- | -ഇല്ല- | -ഇല്ല- |
| 5 | അജിത് പ്രസാദ് | 19 | -ഇല്ല- | -ഇല്ല- | -ഇല്ല- |
| 6 | പത്മനാഭൻ | 22 | -ഇല്ല- | -ഇല്ല- | -ഇല്ല- |
| 7 | ശിവപ്രസാദ് | 23 | -ഇല്ല- | -ഇല്ല- | -ഇല്ല- |

സൂചന (1) പ്രകാരമുള്ള നടപടിക്രമത്തിലെ തിരുവനന്തപുരം പരിശീലന കേന്ദ്രത്തിൽ ക്രമ നമ്പർ 6,8 ആയി നിയോഗിച്ച ജിവനക്കാരുടെ പേരുകൾ യഥാക്രമം ബി.ശ്രീകുമാർ, അരുൺലാൽ എം.പി എന്ന് തിരുത്തി വായിക്കേണ്ടതാണ്.

കോഴിക്കോട് കേന്ദ്രത്തിൽ കാസർഗോഡ് ജില്ലയിൽ നിന്നും ക്രമ നമ്പർ 25 ആയി നിയോഗിച്ച ശ്രീ.മനു ആറാട്ടു പറമ്പിൽ , വയനാട് ജില്ലയിലേക്ക് സ്ഥലം മാറിപ്പോയിട്ടുള്ളതിനാൽ ടിയാനെ പരിശീലനത്തിനായി വയനാട് ജില്ലാ കളക്ടർ വിടുതൽ ചെയ്യേണ്ടതാണ്.

പരിശീലനം റിലിങ്കിഷ് ചെയ്ത ജീവനക്കാർക്ക് പകരം നിയോഗിച്ച ജീവനക്കാരെ 01-08-2017 ന് രാവിലെ 10- മണിയ്ക്ക് സർവ്വെയും ഭൂരേഖയും വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ (സെൻട്രൽ സർവ്വെ ഓഫീസ്, തിരുവനന്തപുരം, സർവ്വെ റേഞ്ച് ഓഫീസ്, കോഴിക്കോട്) മുമ്പാകെ ഹാജരാകണമെന്നുള്ള നിർദ്ദേശത്തോടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ/ജില്ലാ കളക്ടർമാർ വിടുതൽ ചെയ്യേണ്ടതാണ്. ടി ജീവനക്കാർ ഇതിനു മുമ്പ് ഹയർ സർവ്വെ പരിശീലനം നേടിയിട്ടില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

പരിശീലനത്തിനായി നിയോഗിക്കപ്പെട്ട വിവരം സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.

മേൽ പരാമർശിച്ചിട്ടുള്ള ജീവനക്കാരെ പരിശീലനത്തിനായി വിടുതൽ ചെയ്ത വിവരവും ഇവർ പരിശീലനത്തിനായി ഹാജരായ വിവരവും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഈ കാര്യാലയത്തിൽ യഥാസമയം അറിയിക്കേണ്ടതാണ്.

(ഒപ്പ്)
ജോയിന്റ് കമ്മീഷണർ

കക്ഷികൾക്ക്

(ജില്ലാ കളക്ടർ മുഖാന്തിരം)

പകർപ്പ്

1. ഡയറക്ടർ, സർവ്വെയും ഭൂരേഖയും വകുപ്പ്, തിരുവനന്തപുരം
2. സർവ്വെ അസിസ്റ്റന്റ് ഡയറക്ടർ, സെൻട്രൽ സർവ്വെ ഓഫീസ്, തിരുവനന്തപുരം.
3. അസിസ്റ്റന്റ് ഡയറക്ടർ സർവ്വെ റേഞ്ച് ഓഫീസ്, കോഴിക്കോട്
4. ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക്
5. ഐ.ടി. സെൽ
6. കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്.